**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പളപരിഷ്കരണം - പോലീസ് വകുപ്പ് - ബാരക്ക് അലവൻസിനു പകരം വീട്ടു വാടക ബത്ത അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ.(കൈ) നം. 72/2024/(57)/ധന.** **തീയതി, തിരുവനന്തപുരം, 27/06/2024**

==========================================================

**പരാമർശം:-** 1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021
2) സംസ്ഥാന പോലീസ് മേധാവിയുടെ 06.01.2022-ലെ E8-12396/2020/PHQ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ , നിർബന്ധമായും ബാരക്കിൽ തുടരേണ്ടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടകബത്ത അനുവദിക്കുന്നത് നിർത്തലാക്കുകയും പകരം 'ബാരക്ക് അലവൻസ് ' എന്ന പേരിൽ ഒരു പുതിയ അലവൻസ് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. സിവിൽ പോലീസ് ഓഫീസർ / കോൺസ്റ്റബിൾ മുതൽ കമാണ്ടന്റ് റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കാണ് മേൽ ഉത്തരവ് പ്രകാരം ബാരക്ക് അലവൻസിന് അർഹതയുള്ളത്. പോലീസ് വകുപ്പിൽ ബാരക്ക് അലവൻസ് അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകൾക്കും ബാരക്ക് അലവൻസിന് പകരം വീട്ടുവാടകബത്ത അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) കത്ത് സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിലെ സായുധ ബറ്റാലിയനിലെ ഹവിൽദാർ തസ്തികയ്ക്കും പോലീസ് കോൺസ്റ്റബിൾ തസ്തികയ്ക്കും മാത്രമാണ് നിലവിൽ പോലീസ് ബാരക്കിൽ താമസസൗകര്യം അനുവദിച്ചിട്ടുള്ളത് എന്നതും എ.എസ്.ഐ റാങ്ക് മുതൽ കമാണ്ടന്റ് വരെയുള്ള ഓഫീസർമാർക്ക് ബാരക്ക് സംവിധാനമില്ല എന്നതും കണക്കിലെടുത്തുകൊണ്ട് സായുധ ബറ്റാലിയനിലെ

എ.എസ്.ഐ മുതലുള്ള തസ്തികകൾക്ക് ബാരക്ക് അലവൻസിനു പകരം അനുവദനീയമായ നിരക്കിൽ വീട്ടുവാടകബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**മീർ മുഹമ്മദ് അലി ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി ആന്റ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി**

പകർപ്പ്:
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
സെക്രട്ടറി, ആഭ്യന്തര വകുപ്പ്
സംസ്ഥാന പോലീസ് മേധാവി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-2647143**)

ഉത്തരവിൻപ്രകാരം
Jomsjacob
സെക്ഷൻ ഓഫീസർ